ചക്കിലിയൻ സമുദായത്തിന് പട്ടികജാതി സംവരണത്തിന് അർഹത

തിരുവനന്തപുരം: കോഴിക്കോട്ജില്ലയിലെ ചക്കിലിയൻസമുദായത്തിന് പട്ടികജാതി സംവരണത്തിന് അർഹതയുണ്ടെന്ന് കണ്ടെത്തി സർക്കാർ ഉത്തരവായി. ചക്കിലിയൻ സമുദായം എസ്.സി ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നെങ്കിലും കോഴിക്കോട്ജില്ലയിലെ കുടുംബങ്ങൾക്ക് 1950 ന് മുമ്പ് കുടിയേറി പാർത്തവരാണെന്ന് തെളിയിക്കാൻ കഴിയാതിരുന്നതിനാൽ പട്ടികജാതി എന്ന നിലയിൽ ജാതിസർട്ടിഫിക്കറ്റ് അധികൃതർ നൽകിയിരുന്നില്ല. കിർത്താഡ്സിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോഴത്തെ നടപടി.

ജി. ലോ-വോൾടേജ് താരിഫ് സർചാർജ് (രൂപ/കെ.വി.എ./മാസം)

വിഭാഗം	2018-19	2020-21	വിഭാഗം	2018-19	2020-21
LT-IVA	400	545	LT-VI C	490	490
LT-IVB	250	280	LT-VI F	475	460
LT-VI A	690	715	LT-VII A	415	400
LT-VI B	660	690	LT-VII C	415	400

എച്ച്. നിർദ്ദിഷ്ട പവർ ഫാക്ടർ ഇൻസെന്റീവും പെനാൽടിയും

പവർ ഫാക്ടർ റേഞ്ച്	ഇൻസെന്റീവ് (2018-19)	ഇൻസെന്റീവ് (2020-21)
0.95 മുതൽ 1.00 വരെ	0.95ന് മുകളിൽ ഓരോ 0.01 പിഎഫ് വർധനവിനും എനർജി ചാർജിന്റെ 0.25 %	0.95ന് മുകളിൽ ഓരോ 0.01 പിഎഫ് വർധനവിനും എനർജി ചാർജിന്റെ 0.12 %
പവർ ഫാക്ടർ റേഞ്ച്	ഡിസ്-ഇൻസന്റീവ്	ഡിസ്-ഇൻസന്റീവ്
0.95- ന് താഴെ	0.95 ന് മുകളിൽ ഓരോ 0.01 പിഎഫ് കുറവിനും എനർജി ചാർജിന്റെ 1.25%	0.95 ന് മുകളിൽ ഓരോ 0.01 പിഎഫ് കുറവിനും എനർജി ചാർജിന്റെ 1.5%

2018-19 ലും 2020-21 ലും ഉള്ള താരിഫ് പരിഷ്കരണം പ്രകാരം ലഭിക്കുമെന്ന് കരുതുന്ന വരുമാന വർദ്ധനവ്

		2018-19 (പൂർണവർഷ കണക്കിൽ)			2020-21		
നം	വിഭാഗം	**നിലവിലെ താരിഫിൽ വരുമാനം**	**നിർദ്ദിഷ്ട താരിഫിൽ വരുമാനം**	വരുമാന വർദ്ധനവ്	2018-19 ലെ നിരക്കിൽ വരുമാനം	2020-21 ലെ **നിർദ്ദിഷ്ട താരിഫിൽ വരുമാനം**	വരുമാന വർദ്ധനവ്
		(കോടി രൂപ)	(കോടി രൂപ)	(കോടി രൂപ)	(കോടി രൂപ)	(കോടി രൂപ)	(കോടി രൂപ)
1	LT-I ഗാർഹികം	4,481.52	5,218.10	736.58	5,738.12	6,135.41	397.30
2	LT-IV (A) വ്യവസായം	777.73	820.54	42.81	893.81	901.08	7.27
3	LT-IV(B) വ്യവസായം	6.56	7.12	0.55	7.72	7.76	0.04
4	LT-VA കൃഷി	71.41	86.23	14.82	92.82	99.99	7.16
5	LT-VB കൃഷി	12.45	13.56	1.11	14.63	15.09	0.46
6	LT-VIA ജനറൽ	145.97	156.45	10.48	179.11	190.12	11.01
7	LT-VIB ജനറൽ	98.58	98.46	-0.12	112.86	114.07	1.21
8	LT-VI C ജനറൽ	259.68	258.88	-0.80	295.89	295.89	-
9	LT-VI D ജനറൽ	4.00	4.44	0.44	5.13	5.39	0.26
10	LT-VI E ജനറൽ	1.65	1.73	0.08	1.99	2.05	0.06
11	LT-VI F ജനറൽ	860.48	859.92	-0.56	984.79	984.63	-0.17
12	LT-VI G ജനറൽ	72.43	71.61	-0.83	86.04	85.93	-0.12
13	LT -VII(A) വാണിജ്യം	1,327.17	1,326.98	0.20	1,588.00	1,587.42	0.58
14	LT -VII(B) വാണിജ്യം	133.59	143.12	9.53	162.70	166.74	4.04
15	LT -VII(C) വാണിജ്യം	15.60	15.56	-0.04	19.03	18.92	-0.11
16	LT -VIII A വഴിവിളക്ക്	141.19	152.62	11.43	149.57	189.96	40.39
17	LT-VIII B വഴിവിളക്ക്	33.14	38.67	5.54	42.63	46.91	4.28
18	HT 1 (A) വ്യവസായം	1,406.88	1,516.24	109.35	1,686.32	1,827.69	141.38
19	HT -1(B) വ്യവസായം	9.73	9.68	-0.06	10.77	11.27	0.50
20	HT -II A ജനറൽ	127.38	137.01	9.63	156.25	164.95	8.70
21	HT II B ജനറൽ	519.99	519.69	-0.29	600.09	600.09	-
22	HT -III(A) കൃഷി	4.08	4.27	0.19	4.56	4.97	0.41
23	HT -III(B) കൃഷി	0.95	0.99	0.04	1.06	1.14	0.08
24	HT -IV വാണിജ്യം	623.11	622.51	-0.60	709.45	709.45	-
25	HT -V ഗാർഹികം	12.34	11.90	-0.44	13.57	14.05	0.48
26	EHT 66 kV വ്യവസായം	205.23	236.04	30.81	251.19	267.19	16.00
27	EHT-110 kV വ്യവസായം	419.58	464.74	45.16	492.55	516.26	23.70
28	EHT- 220 kV വ്യവസായം	55.26	63.96	8.69	71.03	77.66	6.64
29	EHT- ജനറൽ A	7.11	8.34	1.23	8.86	8.90	0.04
30	EHT - ജനറൽ B	47.93	47.89	-0.04	50.73	51.05	0.32
31	റെയിൽവേ ട്രാക്ഷൻ	167.89	191.45	23.56	213.72	226.24	12.52
32	KMRL	9.39	10.71	1.32	11.94	12.74	0.80
33	ലൈസൻസി ബൾക് സപ്ലൈ	370.59	412.91	42.33	457.34	473.71	16.37
	ആകെ	**12,430.59**	**13,532.30**	**1,101.72**	**15,114.25**	**15,814.69**	**700.44**

മേൽ അപേക്ഷയിൽ, സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ, ഉപഭോക്താക്കളിൽ നിന്നും മറ്റു തല്പര കക്ഷികളിൽ നിന്നുമുള്ള അഭിപ്രായങ്ങളും ആക്ഷേപങ്ങളും ക്ഷണിക്കുന്നു. ആയവ കേരള സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ, കെപിഎഫ്സി ഭവൻ, സി.വി. രാമൻപിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം – 695010 വിലാസത്തിൽ 23.11.2018 നു വൈകുന്നേരം 5 മണിക്ക് മുൻപായി നേരിട്ടോ തപാൽ/കൊറിയർ/ഇമെയിൽ എന്നിവ മുഖേനയോ അയക്കുന്ന വ്യക്തിയുടെ പൂർണമായ പേര്, മേൽവിലാസം, ഇമെയിൽ എന്നിവയുൾപ്പെടെ ലഭ്യമാക്കേണ്ടതാണ്. ഇങ്ങനെ അഭിപ്രായം/ആക്ഷേപം അയക്കുന്ന വ്യക്തി ഏതെങ്കിലും സംഘടനയുടെയോ ഉപഭോക്തൃ വിഭാഗത്തിന്റെയോ പേരിലാണോ ആയതു സമർപ്പിക്കുന്നത് എന്നും വ്യക്തമാക്കേണ്ടതാണ്. പ്രസ്തുത വ്യക്തിയിൽ നിന്നും കമ്മീഷൻ നേരിട്ട് തെളിവെടുപ്പ് നടത്തണം എന്ന് അഭിപ്രായമുള്ള പക്ഷം അവർക്കു താഴെ കാണിച്ചിരിക്കുന്ന ഏതെങ്കിലും പൊതുതെളിവെടുപ്പു വേദികളിൽ അതാത് തീയതികളിൽ ഹാജരാകാവുന്നതാണ്.

തീയതി	സ്ഥലം	സമയം
26-11-2018	നളന്ദ ആഡിറ്റോറിയം, കോഴിക്കോട്	11:00 AM
27-11-2018	കോർപറേഷൻ ടൌൺ ഹാൾ, എറണാകുളം	11:00 AM
28-11-2018	മുനിസിപ്പൽ കോൺഫറൻസ് ഹാൾ, കട്ടപ്പന	11:30 AM
30-11-2018	ഇൻസ്ടിട്യൂഷൻ ഓഫ് എൻജിനീയേഴ്സ് ഹാൾ, തിരുവനന്തപുരം	11:00 AM

ഇതിലേക്കായി പ്രേത്യേക നോട്ടീസുകൾ ഒന്നും തന്നെ അയക്കുന്നതല്ല. അപേക്ഷയും മറ്റു വിശദശാംശങ്ങളും കെഎസ്ഇബി ലിമിറ്റഡിന്റെ തിരുവനന്തപുരം വൈദ്യുതി ഭവനിലുള്ള കൊമേർഷ്യൽ & പ്ലാനിങ് വിഭാഗം ഡെപ്യൂട്ടി ചീഫ് എൻജിനീയറുടെ ആഫീസിലും തിങ്കൾ മുതൽ വെള്ളി വരെയുള്ള പ്രവർത്തി ദിവസങ്ങളിൽ ഉച്ചയ്ക്ക് 2 മണിമുതൽ 4 മണിവരെ റെഗുലേറ്ററി കമ്മീഷന്റെ തിരുവനന്തപുരത്തുള്ള ആഫീസിലും പരിശോധനക്ക് ലഭ്യമാണ്. **www.erckerala.org, www.kseb.in** എന്നീ വെബ്സൈറ്റുകളിലും അപേക്ഷയുടെ കോപ്പികൾ ലഭ്യമാണ്.
അപേക്ഷയുടെ കോപ്പികൾ വേണമെന്നുള്ളവർക്കു സാധാരണ പ്രവൃത്തി ദിവസങ്ങളിൽ തിരുവനന്തപുരം വൈദ്യുതി ഭവനിലുള്ള കൊമേർഷ്യൽ & പ്ലാനിങ് വിഭാഗം ഡെപ്യൂട്ടി ചീഫ് എൻജിനീയറുടെ ആഫീസിൽ 400 രൂപയടച്ചു കോപ്പികൾ കൈപ്പറ്റാവുന്നതാണ്.

ഒപ്പ്
ചെയർമാൻ & മാനേജിങ് ഡയറക്ടർ,
കെഎസ്ഇബി ലിമിറ്റഡ്
(അപേക്ഷകൻ)

തിരുവനന്തപുരം
05.11.2018

എൻ.എസ്.എസ് ക്ഷേത്രത്തിന് നേരെ ആക്രമണം: ഡി.വൈ.എഫ്.ഐ പ്രവർത്തകർക്കെതിരെ കേസ്

ചെങ്ങന്നൂർ: വെൺമണി കല്യാത്ര ഭുവനേശ്വരി ദേവീക്ഷേത്രത്തിന നേരേ നടന്ന ആക്രമണത്തിൽ 14 ഡി.വൈ.എഫ്.ഐക്കാർക്കെതിരെ പൊലീസ് കേസെടുത്തു. സംഘർഷവുമായി ബന്ധപ്പെട്ട് ഇരുവിഭാഗങ്ങളിലുമായി ഒൻപതുപേർക്കെതിരെ വധശ്രമത്തിനും കേസെടുത്തു. ജില്ലാ പഞ്ചായത്ത് മെമ്പറും ഡി.വൈ.എഫ്.ഐ. ജില്ലാ കമ്മറ്റി അംഗവുമായ ജെബിൻ. പി. വർഗ്ഗീസ്, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്യാം കുമാർ എന്നിവർ ഉൾപ്പടെ കണ്ടാലറിയാവുന്ന 14 പേർ കേസിൽ പ്രതികളാണ്. സംഘം ചേർന്ന് ക്ഷേത്രമുതൽ നശിച്ചതിനാണ് കേസെടുത്തതെന്ന് വെൺമണി പൊലീസ് പറഞ്ഞു. ആക്രമണത്തിനിടെ നടന്ന സംഘർഷത്തിൽ അഞ്ച് ഡി.വൈ.എഫ്.ഐക്കാർക്കും നാല് ആർ.എസ്.എസുകാർക്കും എതിരെ വധശ്രമത്തിന് കേസുണ്ട്.

ആർ.എസ്.എസ് പ്രവർത്തകരായ രാജേഷ്, വിഷ്ണുപ്രസാദ്, അനമുരളി, ധീരജ് എന്നിവരും ഡി.വൈ.എഫ്.ഐക്കാരായ ജെബിൻ. പി. വർഗ്ഗീസ്, സിബി, അഭിറാം, സിജോ ബാബു, ഷെഫിൻ എന്നിരും പ്രതികളാണ്.

കഴിഞ്ഞ ദിവസങ്ങളിൽ പ്രദേശത്ത് ആർ.എസ്.എസ്, ഡി.വൈ.എഫ്.ഐ സംഘർഷം നിലനിന്നിരുന്നു. പരസ്പരം വീടുകയറി ആക്രമണവും നടന്നു. ആർ.എസ്.എസ് ആക്രമണത്തിൽ പ്രതിഷേധിച്ച് ബുധനാഴ്ച വൈകിട്ട് കല്യാത്ര കവലയിൽ ഡി.വൈ.എഫ്.ഐ പ്രതിഷേധ യോഗം സംഘടിപ്പിച്ചു. പ്രകടനമായി വന്ന തങ്ങളെ ക്ഷേത്രത്തിന് മുന്നിൽ നിന്ന ആർ.എസ്.എസ്. പ്രവർത്തകർ ആക്രമിക്കുകയായിരുന്നു എന്ന് ഡി.വൈ.എഫ്.ഐ പ്രവർത്തകർ ആരോപിച്ചു. അതേസമയം ഡി.വൈ.എഫ്.ഐക്കാരാണ് ആക്രമണം നടത്തിയതെന്ന് ആർ.എസ്.എസും ക്ഷേത്ര ഭരണസമിതിയും ആരോപിച്ചു. സംഭവത്തിൽ പ്രതിഷേധിച്ച് ഇരുകൂട്ടരും ഇന്നലെ പഞ്ചായത്തിൽ നടത്തിയ ഹർത്താൽ പൂർണമായിരുന്നു.

ഇലക്ഷൻ നോക്കി നിലപാട് മാറ്റില്ല: കോടിയേരി

തിരുവനന്തപുരം: അടുത്ത പാർലമെന്റ് തിരഞ്ഞെടുപ്പിൽ ഒറ്റ സീറ്റും കിട്ടിയില്ലെങ്കിലും ശബരിമല വിഷയത്തിൽ സി.പി.എം രാഷ്ട്രീയ നിലപാടിൽ മാറ്റം വരുത്തില്ലെന്നും കോടതിവിധി സർക്കാർ നടപ്പിലാക്കുമെന്നും സി.പി.എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു.

ഡി.വൈ.എഫ്.ഐ തിരുവനന്തപുരം ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച 'നാം ഒന്നാണ്, കേരളം മതേതരമാണ്-ഓർമ്മപ്പെടുത്തൽ' എന്ന പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഏറ്റവുമധികം വിശ്വാസികളുള്ളത് കമ്മ്യൂണിസ്റ്റ് പാർട്ടിയിലാണ്. ഇൻക്വിലാബ് സിന്ദാബാദ് എന്നു വിളിക്കുന്ന നാവുകൊണ്ടു തന്നെയാണ് അവർ സ്വാമി ശരണം വിളിക്കുന്നതും. അങ്ങനെയുള്ള പാർട്ടിയെയും സർക്കാരിനെയും ക്ഷേത്രവും വിശ്വാസവും തകർക്കുന്നവരാണെന്ന തരത്തിൽ ചിത്രീകരിക്കുന്നത് വിലപ്പോവില്ലെന്നും കോടിയേരി പറഞ്ഞു.

ഡി.വൈ.എഫ്.ഐ ജില്ലാ പ്രസിഡന്റ് വി. വിനീത് അദ്ധ്യക്ഷനായിരുന്നു. എഴുത്തുകാരി എസ്.ശാരദക്കുട്ടി മുഖ്യാതിഥിയായി. സി.പി.എം ജില്ലാ സെക്രട്ടറി ആനാവൂർ നാഗപ്പൻ, വി.ശിവൻകുട്ടി, എ.എ.റഹീം, പി.ബിജു, ബെൻ ഡാർവിൻ, ബി.ഷാജു, കവിത തുടങ്ങിയവർ സംസാരിച്ചു.

മന്ത്രി കടകംപള്ളിക്ക് ഭീഷണി; യുവാവ് അറസ്റ്റിൽ

തിരുവനന്തപുരം: ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രനെതിരെ വാട്സ് ആപ് ശബ്ദസന്ദേശത്തിലൂടെ വധഭീഷണി മുഴക്കുകയും അശ്ലീല പദപ്രയോഗം നടത്തുകയും ചെയ്ത യുവാവിനെ മ്യൂസിയം പൊലീസ് അറസ്റ്റ് ചെയ്തു.

പത്തനംതിട്ട അന്തിച്ചിറ മണക്കാല ഓംകാരം വീട്ടിൽ രതീഷിനെയാണ് അറസ്റ്റ് ചെയ്തത്. രണ്ട് വർഷം വരെ തടവും പിഴയും ശിക്ഷകിട്ടാവുന്ന വകുപ്പുകൾ പ്രകാരമാണ് കേസെടുത്തിട്ടുള്ളത്.

ശബരിമല: ഐ.ജി റിപ്പോർട്ട് നൽകിയില്ല, യോഗം മാറ്റി

തിരുവനന്തപുരം: ശബരിമലയിൽ ചിത്തിര ആട്ട വിശേഷത്തിനിടെയുണ്ടായ സംഘർഷത്തെക്കുറിച്ച് ഡി.ജി.പി ലോക് നാഥ് ബെഹ്റ ആവശ്യപ്പെട്ട റിപ്പോർട്ട് സുരക്ഷാ ചുമതലയുണ്ടായിരുന്ന ഐ.ജി എം.ആർ അജിത്കുമാർ നൽകിയില്ല. ഇതേത്തുടർന്ന് ഇന്നലെ നിശ്ചയിച്ചിരുന്ന ഉന്നതതല യോഗം മാറ്റിവച്ചു. ഐ.ജിയുടെ വിശദീകരണ റിപ്പോർട്ട് ലഭിച്ചിട്ടില്ലെന്നും ലഭിച്ച ശേഷം യോഗം നടത്തുമെന്നും പൊലീസ് നേതൃത്വം അറിയിച്ചു. തുലാമാസ പൂജയ്ക്കിടെയുണ്ടായ അക്രമത്തിൽ പ്രതികളായ നൂറിലേറെ പേർ ഇത്തവണയും എത്തിയിരുന്നു. നേരത്തെ അക്രമം നടത്തി പൊലീസിന്റെ പിടിയിലായവർ ജാമ്യത്തിലിറങ്ങി ഇരുമുടിക്കെട്ടുമായി ക്ഷേത്രത്തിലെത്തിയാൽ നിയമപരമായി ഒന്നും ചെയ്യാൻ കഴിയില്ലെന്ന് പൊലീസ് ചൂണ്ടിക്കാട്ടുന്നു.

കാർ സ്കൂട്ടറിൽ ഇടിച്ച് അദ്ധ്യാപിക മരിച്ചു

പത്മപ്രിയ

തിരുവനന്തപുരം: മുടവൻമുകളിൽ കാർ ഇടിച്ച് ഗുരുതരമായി പരിക്കേറ്റ സ്കൂട്ടർ യാത്രക്കാരി സ്കൂൾ അദ്ധ്യാപിക മരിച്ചു. ഒപ്പം സഞ്ചരിച്ചിരുന്ന മകൾക്ക് ഗുരുതരമായി പരിക്കേറ്റു. ബുധനാഴ്ച രാത്രി 7.30നാണ് അപകടം. പൂജപ്പുര തൃക്കണ്ണാപുരം ടാഗോർ റോഡിൽ പുണർതം വീട്ടിൽ സജുവിന്റെ ഭാര്യ പത്മപ്രിയയാണ് (39) മരിച്ചത്. ഒപ്പമുണ്ടായിരുന്ന മകൾ ഗാഥ (14) കരമന പി.ആർ.എസ് ആശുപത്രിയിൽ ചികിത്സയിലാണ്. മങ്കാട്ടുകടവ് വിശ്വപ്രകാശം സ്കൂൾ അദ്ധ്യാപികയായ പത്മപ്രിയ സ്കൂളിൽ നിന്ന് വന്നശേഷം ബന്ധു വീട്ടിലായിരുന്ന മകളെ കൂട്ടിക്കൊണ്ട് വരുമ്പോഴായിരുന്നു അപകടം. ഗുരുതരമായി പരിക്കേറ്റ ഇരുവരെയും ഉടൻ കരമന പി.ആർ.എസ് ആശുപത്രിയിലെത്തിച്ചെങ്കിലും പത്മപ്രിയ ഇന്നലെ പുലർച്ചെ ഒരുമണിയോടെ മരിച്ചു. കാറോടിച്ചിരുന്ന തിരുമല മുടവൻമുകൾ നല്ലത്ത് റോഷ്നി ഭവനിൽ വിനോദ്തമ്പി (40) മദ്യലഹരിയിലായിരുന്നെന്നും മദ്യപിച്ച് വാഹനം ഓടിച്ചതിനും മനപ്പൂർവമല്ലാത്ത നരഹത്യയ്ക്കും ഇയാൾക്കെതിരെ കേസെടുത്തിട്ടുണ്ടെന്നും പൂജപ്പുര പൊലീസ് പറഞ്ഞു. പഴവങ്ങാടി ഗണപതി ക്ഷേത്രത്തിലെ ജീവനക്കാരനാണ് മുൻ സൈനികനായ ഭർത്താവ് സജു. മൃതദേഹം പോസ്റ്റ്മോർട്ടത്തിനുശേഷം സംസ്കരിച്ചു.

എന്റെ കൂട് പദ്ധതിയുടെ ഉദ്ഘാടനം തിരുവനന്തപുരം തമ്പാനൂർ ബസ് ടെർമിനലിൽ നിർവഹിച്ച ശേഷം നോക്കിക്കാണുന്ന മന്ത്രി കെ.കെ. ശൈലജ

തമ്പാനൂർ സ്റ്റാൻഡിൽ സ്ത്രീകൾക്കും കുട്ടികൾക്കും കൂടൊരുങ്ങി

തിരുവനന്തപുരം: തലസ്ഥാനത്തെത്തുന്ന സ്ത്രീകൾക്കും കുട്ടികൾക്കും രാത്രി സുരക്ഷിതമായ അഭയം നൽകാൻ എന്റെ കൂടൊരുങ്ങി.

സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ തമ്പാനൂർ ബസ് ടെർമിനലിൽ എട്ടാം നിലയിലാണ് എന്റെ കൂടെന്ന രാത്രികാല ആഭയകേന്ദ്രം. ഉദ്ഘാടനം ഇന്നലെ മന്ത്രി കെ.കെ. ശൈലജ നിർവഹിച്ചു. പദ്ധതി ഒരു വർഷം മുൻപ് കോഴിക്കോടാണ് ആദ്യം തുടങ്ങിയത്. പദ്ധതി എല്ലാ നഗരങ്ങളിലേക്കും വ്യാപിപ്പിക്കുമെന്ന് മന്ത്രി പറഞ്ഞു. ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ മേൽനോട്ടത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ഉദ്ഘാടനത്തിൽ സാമൂഹ്യനീതി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ബിജു പ്രഭാകർ, സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ ജാഫർമാലിക്, സാമൂഹ്യ സുരക്ഷ മിഷൻ എക്സിക്യൂട്ടിവ് ഡയറക്ടർ മുഹമ്മദ് അഷീൽ, സാമൂഹ്യ നീതി വകുപ്പ് അസി. ഡയറക്ടർ സുഭാഷ് കുമാർ, ജില്ലാ ഓഫീസർ സബീന ബീഗം എന്നിവർ പങ്കെടുത്തു.

'എന്റെ കൂട്' ഇങ്ങനെ

- **നഗരത്തിൽ എത്തിച്ചേരുന്ന നിർദ്ധനരായ വനിതകൾക്കും കൂടെയുള്ള 12 വയസുവരെയുള്ള കുട്ടികൾക്കും വൈകിട്ട് 5 മുതൽ രാവിലെ 7 വരെ സുരക്ഷിതമായ വിശ്രമം തികച്ചും സൗജന്യം.**
- **50 പേർക്ക് ഒരേസമയം താമസിക്കാം.**
- **സമ്പൂർണമായും ശീതികരിച്ച മുറികൾ.**
- **ടി വിയും മുഴുവൻ സമയ സെക്യൂരിറ്റിയുമുണ്ട്.**
- **അടുക്കളയും ശുചിമുറികളും ഉണ്ട്.**
- **23 ലക്ഷം രൂപയാണ് എന്റെകൂടിനായി മാറ്റിവച്ചിരിക്കുന്നത്.**

സുരക്ഷ, സൗജന്യ ഭക്ഷണം

- **രണ്ടു വാച്ച്മാൻമാർ, മാനേജർ, രണ്ടു മിസ്ട്രസ്മാർ, ഒരു സ്കാവഞ്ചർ എന്നിങ്ങനെ ആറുപേരാണ് മേൽനോട്ടവും സുരക്ഷയും ഉറപ്പു വരുത്തുന്നത്.**
- **സൗജന്യ ഭക്ഷണത്തിനായി ഇവിടെ നിന്ന് കൂപ്പൺ വാങ്ങി ടെർമിനലിലെ നിശ്ചിത ഹോട്ടലിൽ നിന്ന് ഭക്ഷണം കഴിക്കാം.**

സ്വകാര്യ ബസുകളിൽ ഡോർ ഷട്ടർ ഉറപ്പാക്കണം: ഹൈക്കോടതി

കൊച്ചി : സ്വകാര്യ ബസുകളിൽ ഡോർ ഷട്ടറുകളുണ്ടെന്ന് പൊലീസും ട്രാൻസ്പോർട്ട് അധികൃതരും ഉറപ്പാക്കണമെന്നും ടൗൺ, സിറ്റി സർവീസുകൾക്ക് ഉൾപ്പെടെ ഇതു ബാധകമാണെന്നും ഹൈക്കോടതി വ്യക്തമാക്കി. ബസുകൾക്ക് ഡോർഷട്ടർ നിർബന്ധമാക്കുന്ന കേരള മോട്ടോർ വാഹന ചട്ടത്തിലെ ഭേദഗതി ചോദ്യം ചെയ്യുന്ന ഹർജികൾ തള്ളിയാണ് സിംഗിൾബെഞ്ചിന്റെ വിധി. 2016 ലെ ചട്ട ഭേദഗതി മോട്ടോർ വാഹന നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്നും നിലനിൽക്കില്ലെന്നും ചൂണ്ടിക്കാട്ടി കേരള ബസ്ട്രാൻസ്പോർട്ട് അസോസിയേഷൻ ഉൾപ്പെടെ നൽകിയ ഒരുകൂട്ടം ഹർജികളാണ് ഹൈക്കോടതി പരിഗണിച്ചത്.

ബസുകൾക്ക് ഡോർ ഷട്ടർ നിർബന്ധമാക്കിയത് യാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കാനാണ്. മോട്ടോർ വാഹന നിയമത്തിന്റെയും ചട്ടത്തിന്റെയും ലക്ഷ്യവുമായി ഒത്തുപോകുന്ന വ്യവസ്ഥയാണിതെന്നും ഹൈക്കോടതി വിലയിരുത്തി. പെർമിറ്റുള്ള ബസുകൾക്ക് എറണാകുളം ആർ.ടി.എ ഡോർ ഷട്ടർ നിർബന്ധമാക്കിയിരുന്നു. ഡോർ ഷട്ടറുകൾ അഴിച്ചു വച്ചും ഇവ ബസിന്റെ ബോഡിയിൽ ചേർത്തുകെട്ടിയും സർവീസ് നടത്തുന്ന ബസുകളുടെ പെർമിറ്റ് ഉടമയ്ക്കും ജീവനക്കാർക്കുമെതിരെ ഉചിതമായ നടപടി വേണം. ബസ് ഓടുന്നതിനിടെ ഡോർ തുറക്കുകയും അടയ്ക്കുകയും ചെയ്യുന്ന ജീവനക്കാർക്കെതിരെ നടപടി വേണമെന്നും വിധിയിൽ പറയുന്നു.

ട്രാഫിക് പൊലീസിലേക്ക് വ്യാജ റിക്രൂട്ട്മെന്റ്: യുവതിയടക്കം മൂന്നു പേർ പിടിയിൽ

റിക്രൂട്ട്മെന്റ് നടത്തിയ തട്ടിപ്പ് സംഘം പൊലീസ് യൂണിഫോമിൽ

കോട്ടയം: കേരള പൊലീസിന്റെ ട്രാഫിക് വിംഗിലേക്ക് വ്യാജ റിക്രൂട്ട്മെന്റ് നടത്തിയ യുവതിയടക്കം മൂന്ന പേർ പിടിയിൽ. ഒളശ ചെല്ലിത്തറ ബിജോയ് മാത്യു (36), കൊല്ലാട് വട്ടക്കുന്നേൽ ഷൈമോൻ (40), കുന്നമ്പള്ളി വാഴക്കുഴിയിൽ സനിതാമോൾ ഡേവിഡ് (30) എന്നിവരെയാണ് ഈസ്റ്റ് സ്റ്റേഷൻ ഹൗസ് ഓഫീസർ ടി.ആർ. ജിജു അറസ്റ്റ് ചെയ്തത്. കോട്ടയം, ആലപ്പുഴ, തൃശൂർ ജില്ലകളിൽ പ്രതികൾ സമാനമായ തട്ടിപ്പ് നടത്തിയിട്ടുണ്ടെന്ന് പൊലീസ് അറിയിച്ചു. 11 ന് ആലപ്പുഴ മാരാരിക്കുളം സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂളിൽ ട്രാഫിക് ട്രെയിനിംഗ് പൊലീസ് ഫോഴ്സിലേക്കു റിക്രൂട്ട്മെന്റ് നടക്കുന്നതായി ഇന്നലെ പ്രമുഖ ദിനപത്രത്തിൽ വാർത്ത പ്രസിദ്ധീകരിച്ചിരുന്നു. ഇതു ശ്രദ്ധയിൽപ്പെട്ട രഹസ്യാന്വേഷണ വിഭാഗം നടത്തിയ അന്വേഷണത്തിലാണ് കടുവാക്കുളം എമ്മാവൂസ് പബ്ലിക് സ്കൂളിൽ മൂന്ന ദിവസമായി നടക്കുന്ന പരിശീലന ക്യാമ്പിനെപ്പറ്റി അറിഞ്ഞത്. തുടർന്ന് പൊലീസ് അവിടെയെത്തി നടത്തിപ്പുകാരെ കസ്റ്റഡിയിലെടുക്കുകയായിരുന്നു. വിശദാംശങ്ങളറിയാൻ ഇവരെ ചോദ്യം ചെയ്തു വരുന്നു. പ്രതികളെ ഇന്ന് കോടതിയിൽ ഹാജരാക്കും.

കേരളപൊലീസിന്റെ ട്രാഫിക് വിംഗിലേക്ക് നേരിട്ട് നിയമനം നടക്കുന്നതായി വാട്സ് ആപ് വഴി പ്രചരിപ്പിച്ചാണ് ഇവർ ആളുകളെ കൂട്ടുന്നത്. ഓരോ പ്രദേശത്തെയും ആളുകളെ നേരിട്ടും വിളിക്കും. ഇവരെ വിശ്വസിച്ച് എത്തിയ 76 പേർക്ക് കഴിഞ്ഞ മാസം 28ന് ഇതേ സ്കൂളിൽ വച്ച് എഴുത്ത് പരീക്ഷയും നടത്തി. 200 രൂപയായിരുന്നു പരീക്ഷാ ഫീസ്. ഇതു പാസായ 15 പേർക്കാണ് കടുവാക്കുളത്തെ സ്കൂൾ മൈതാനത്ത് പരിശീലനം നൽകിയത്. പൊലീസ് യൂണിഫോമിന്റെ ഫീസ് എന്ന പേരിൽ 3000 രൂപ വീതവും ഈടാക്കിയിരുന്നു. ആലപ്പുഴയിൽ 11 ന് നടക്കുന്ന റിക്രൂട്ട്മെന്റ് റാലിയുടെ സുരക്ഷാ ചുമതലയ്ക്കായി ഇവരെ നിയോഗിക്കുമെന്നാണ് അറിയിച്ചിരുന്നത്. കോട്ടയം, ആലപ്പുഴ, വയനാട്, പാലക്കാട് ജില്ലകളിൽ നിന്നുള്ളവരാണ് പരിശീലനത്തിൽ പങ്കെടുത്തിരുന്നത്.

ശിവഗിരി തീർത്ഥാടനം ആലോചനായോഗം

ശിവഗിരി: 86-ാമത് ശിവഗിരി തീർത്ഥാടനത്തിന്റെ നടത്തിപ്പിന് ഗുരുഭക്തരുടെ ആലോചനായോഗം 11 ന് വൈകിട്ട് 3 ന് ശിവഗിരി മഠത്തിൽ ധർമ്മസംഘം ട്രസ്റ്റ് പ്രസിഡന്റ് സ്വാമി വിശുദ്ധാനന്ദയുടെ അദ്ധ്യക്ഷതയിൽ നടക്കും. ജനറൽ സെക്രട്ടറി സ്വാമി സാന്ദ്രാനന്ദ, ട്രഷറർ സ്വാമി ശാരദാനന്ദ, തീർത്ഥാടനകമ്മിറ്റി സെക്രട്ടറി സ്വാമി വിശാലാനന്ദ എന്നിവർ സംബന്ധിക്കും.

ഗുരുദേവകൃതി പഠനക്ലാസ്

ശിവഗിരി: ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റ് ജനറൽ സെക്രട്ടറി സ്വാമി സാന്ദ്രാനന്ദയുടെ നേതൃത്വത്തിൽ നാളെ രാവിലെ 7 മണിമുതൽ ശിവഗിരി മഠത്തിൽ ഗുരുദേവകൃതികളുടെ പഠനക്ലാസും കർമ്മയോഗവും നടക്കും. ഫോൺ: 04702602807

കേരള ബാങ്ക് അനുവദിക്കില്ല: മുല്ലപ്പള്ളി

തിരുവനന്തപുരം: സഹകരണ മേഖലയെ ഇല്ലാതാക്കി കേരള ബാങ്ക് തുടങ്ങാനുള്ള നീക്കം അനുവദിക്കില്ലെന്ന് കെ.പി.സി.സി പ്രസിഡന്റ് മുല്ലപ്പള്ളി രാമചന്ദ്രൻ പറഞ്ഞു. ലോകത്തെ വലിയ പ്രതിമയുണ്ടാക്കാനും ബുള്ളറ്റ് ട്രെയിൻ ഉണ്ടാക്കാനും പാഞ്ഞുനടക്കുന്ന പ്രധാനമന്ത്രി നരേന്ദ്രമോദി ഉത്തരവാദിത്വമില്ലായ്മയുടെ പ്രതിരൂപമാണെന്നും അദ്ദേഹം കുട്ടിച്ചേർത്തു.

സഹകരണ മേഖലയെ തകർക്കാനുള്ള കേന്ദ്ര, സംസ്ഥാന നീക്കങ്ങൾ ചെറുക്കുന്നതിന്റെയും നോട്ട് നിരോധനത്തിന്റെ രണ്ടാം വാർഷികം കരിദിനമായി ആചരിക്കുന്നതിന്റെയും ഭാഗമായി സഹകരണ ജനാധിപത്യവേദി നടത്തിയ സെക്രട്ടേറിയറ്റ് മാർച്ച് ഉദ്ഘാടനം ചെയ്യുകയായിരുന്നു മുല്ലപ്പള്ളി. കേരള ബാങ്ക് ഉണ്ടാക്കി സംസ്ഥാനത്തെ സഹകരണ മേഖലയെ ഇല്ലാതാക്കാനാണ് മുഖ്യമന്ത്രി പിണറായി വിജയൻ ശ്രമിക്കുന്നത്.

കരകുളം കൃഷ്ണപിള്ള അദ്ധ്യക്ഷനായിരുന്നു. കെ. മുരളീധരൻ, വി.എസ്. ശിവകുമാർ, കെ.പി.എ. മജീദ്, സി.പി. ജോൺ, നെയ്യാറ്റിൻകര സനൽ, ടി. ശരത്ചന്ദ്രപ്രസാദ്, ശൂരനാട് രാജശേഖരൻ, മണക്കാട് സുരേഷ്, അഗസ്റ്റി കോഴിമല, ജോസഫ് മാത്യു, എം.പി. സാജു, മുഹമ്മദ് അലി തുടങ്ങിയവർ പ്രസംഗിച്ചു.

ഏറനാട് വൈകും

തിരുവനന്തപുരം: പാലക്കാട് ഡിവിഷനിൽ ട്രാഫിക് എൻജിനിയറിംഗ് ജോലികൾ നടക്കുന്നതിനാൽ മംഗലാപുരത്തുനിന്ന് നാഗർകോവിലിലേക്കുള്ള ഏറനാട് എക്സ്പ്രസ് ഇന്ന് വൈകും. എറണാകുളത്തുനിന്ന് പൂനെയിലേക്കുള്ള എക്സ് പ്രസ് അരമണിക്കൂർ വൈകും.

സ്പോട്ട് അഡ്മിഷൻ

തിരുവനന്തപുരം: ശ്രീവിദ്യാധിരാജ ഹോമിയോപ്പതിക് മെഡിക്കൽ കോളേജിൽ ബിഎച്ച്.എം.എസ് ഈഴവ കാറ്റഗറിയിൽ (E2) ഒഴിവുള്ള ഒരു സീറ്റിലേക്ക് തിങ്കളാഴ്ച രാവിലെ 10ന് സ്പോട്ട് അഡ്മിഷൻ നടക്കും. വിവരങ്ങൾക്ക്: 9446410048.

ദേവസ്വം പെൻഷണേഴ്സ് യൂണിയന്റെ ധർണ

തിരുവനന്തപുരം: മിനിമം പെൻഷൻ 10,000 രൂപയാക്കുക, ഫാമിലി പെൻഷൻകാർക്ക് ഡി.എ അനുവദിക്കുക, ശബരിമല നവീകരണത്തിന് തുക അനുവദിക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് ഇന്ന് രാവിലെ 11 ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് ആസ്ഥാനത്ത് തിരുവിതാംകൂർ ദേവസ്വം പെൻഷണേഴ്സ് യൂണിയന്റെ (യു.ടി.യു.സി) ആഭിമുഖ്യത്തിൽ കൂട്ടധർണ നടത്തും. ആർ.എസ്.പി കേന്ദ്ര സെക്രട്ടേറിയറ്റംഗം എൻ.കെ. പ്രേമചന്ദ്രൻ എം.പി. ഉദ്ഘാടനം ചെയ്യും.